**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** **03-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിന്റെ ഭാഗമായുള്ള സ്പാർക്കിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് സെക്രട്ടറിയായി വന്നവർക്കും ജോയിന്റ് ഡയറക്ടർ, ഡയറക്ടർ ഓഫീസുകളിലേക്ക് സീനിയർ സൂപ്രണ്ടായി വന്നവർക്കും മാസങ്ങളായി ട്രഷറിയിൽ നിന്നും ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നം എന്ന് പരിഹരിക്കുമെന്നും അറിയിക്കുമോ; | (എ) | **ഉണ്ട്. ടി വിഷയം പരിഹരിക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.** |
| (ബി) | വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സ്പാർക്കിലെ പ്രശ്നങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്. ടി വിഷയം പരിഹരിക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.** |
| (സി) | ഇപ്രകാരമുള്ള തടസ്സങ്ങൾ ആത്യന്തികമായി വകുപ്പ് സംയോജനത്തെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (സി) | **ഇല്ല. സ്പാർക്ക് അനുബന്ധ വിഷയങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് ശമ്പള സംബന്ധമായ വിഷയങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.** |

സെക്ഷൻ ഓഫീസർ